വിമുക്ത ഭടൻമാർക്ക് ടാക്സ് ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കാൻ നടപടി

14 [1844] *ശ്രീ. സ്റ്റീഫൻ ജോർജ്:*

,, ജോസഫ് എം. പുതുശ്ശേരി:

ശ്രീമതി എലിസബെത്ത് മാത്തൻ മത്തായി:

ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "വാറ്റ്" സമ്പ്രദായം നിലവിൽ വന്നതിനുശേഷം വിമുക്ത ഭടൻമാർക്ക് കിട്ടിക്കൊണ്ടിരുന്ന ടാക്സ് ആനുകൂല്യങ്ങൾ ഇല്ലാതായി എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ആനുകൂല്യം പുനഃസ്ഥാപിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഭടൻമാർക്കും വിമുക്ത ഭടൻമാർക്കും ഈ ആനുകൂല്യം പുനഃസ്ഥാപിക്കാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) മൂല്യവർദ്ധിത നികുതി നിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുന്നതിന് മുൻപ് നിലവിലുണ്ടായിരുന്ന കേരള പൊതു വിൽപ്പന നികുതി നിയമ പ്രകാരമാണ് വിമുക്ത ഭടൻമാർക്ക് നികുതി ആനുകൂല്യങ്ങൾ നൽകിയിരുന്നത്. എന്നാൽ 1-4-2005 മുതൽ വാറ്റ് നിയമം നിലവിൽ വന്നതിന് ശേഷം കേരള പൊതു വിൽപ്പന നികുതി നിയമപ്രകാരം നൽകിയിട്ടുള്ള എല്ലാ നികുതി ഒഴിവുകളും നികുതി കിഴിവുകളും ഇല്ലാതായി. മൂല്യവർദ്ധിത നികുതി നിയമത്തിൽ യാതൊരുവിധ നികുതി ഒഴിവുകളോ കിഴിവുകളോ നൽകുവാൻ പാടുള്ളതല്ല. ഇത്തരം സൗജന്യങ്ങൾ ആവശ്യമെങ്കിൽ കേന്ദ്ര പ്രതിരോധ മന്ത്രാലയമാണ് നൽകേണ്ടത്. കൂടാതെ ഈ പ്രയോജനം വ്യാപകമായി ദുർവിനിയോഗം ചെയ്യപ്പെട്ടതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ ആനുകൂല്യം പുനഃസ്ഥാപിക്കാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly